# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4073

## 12/11/2019 - ലെ മറുപടിക്ക്

### ഇരിക്കൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

| ചോദ്യം<br><br>**ശ്രീ.കെ.സി.ജോസഫ്** | മറുപടി<br><br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി എത്ര തുകയുടെ ടെൻഡർ സേവിംഗ്സ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | നിയമസഭാസാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 04/08/2018 ലെ സ.ഉ (അച്ചടി)നം. 119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. 04/08/2018 ലെ സ.ഉ(അച്ചടി)നം. 119/2018/ധന. ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്. |
| ബി) ടെൻഡർ സേവിംഗ്സ് തുക എ.ഡി.എസ്.ൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിശദാംശം വെളിപ്പെടുത്താമോ; | |
| സി) ടെൻഡർ സേവിംഗ്സ് തുകയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി എം.എൽ.എ.മാരെ അറിയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**